# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 819** **04.03.2020 ലെ മറുപടി**

## നദികളിലെ ലോഹവിഷ സാന്നിധ്യം

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത് :**

(എ) കേന്ദ്ര ജലകമ്മീഷൻ നദികളിലെ ലോഹവിഷ സാന്നിധ്യത്തെക്കുറിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ നദികൾ ഗുരുതരമായ മാലിന്യ ഭീഷണി നേരിടുന്നുവെന്ന കാര്യം സൂചിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ നദികളിലാണ് ലോഹവിഷ സാന്നിധ്യം കൂടുതലായി കണ്ടെത്തിയിട്ടുള്ളത്;

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) യും (ബി) യും

2014 മെയ് മാസത്തിലാണ് കേന്ദ്ര ജല കമ്മീഷൻ സ്റ്റാറ്റസ് ഓഫ് ട്രേഡ് ആന്റ് ടോക്സിക് മെറ്റൽസ് ഇൻ ഇന്ത്യൻ റിവേഴ്സ് എന്ന പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. 2011 സെപ്തംബർ, 2012 ഫെബ്രുവരി, 2012 ജൂൺ, 2012 ഒക്ടോബർ, 2013 മാർച്ച്, 2013 ആഗസ്റ്റ് മാസങ്ങളിലായി ഇന്ത്യയിലൊട്ടാകെ 387 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിൽ നിന്നായി ആകെ 1921 സാമ്പിളുകൾ ശേഖരിച്ചാണ് അപകടകാരികളായ വിവിധ ലോഹങ്ങളുടെ സാന്നിധ്യത്തെക്കുറിച്ചുള്ള പഠനം നടത്തിയത്. ആഴ്സനിക്, കാഡ്മിയം, ക്രോമിയം, കോപ്പർ, മെർക്കുറി, ഇരുമ്പ് (അയൺ) ലെഡ്, നിക്കൽ, സിങ്ക് എന്നീ ലോഹങ്ങളുടെ സാന്നിധ്യം പഠന വിധേയമാക്കിയിട്ടുണ്ട്. കേരളത്തിലെ 13 നദികളിലായി 21 മോണിറ്ററിംഗ് സ്റ്റേഷനുകളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. (പെരിയാർ, വാമനപുരം, മൂവാറ്റുപുഴ, പമ്പ, കടലുണ്ടി, മീനച്ചിൽ, ഭാരതപ്പുഴ, ചാലിയാർ, കുറ്റ്യാടി, കല്ലട, വളപട്ടണം, പയസ്വിനി, കബനി എന്നിവയാണ് 13 നദികൾ) 2014 ലെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ നദികളിൽ കോപ്പർ, ഇരുമ്പ് എന്നിവയുടെ സാന്നിധ്യമാണ് മോണിറ്ററിംഗ് സ്റ്റേഷനുകളിലെ ജലഗുണനിലവാര പരിശോധനയിൽ കാണാൻ സാധിച്ചിട്ടുള്ളത്. നദികളിലെ ജലലഭ്യതയിൽ വരുന്ന മാറ്റത്തിനുസരിച്ച് ഇത്തരം ലോഹങ്ങളുടെ സാന്നിദ്ധ്യത്തിലും / അളവിലും മാറ്റം വരാം.

| | |
|---|---|
| (സി) നദികളെ വിഷവിമുക്തമാക്കുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) നദീജലത്തിൽ ലോഹസാന്നിധ്യം ഉണ്ടാവുക സ്വാഭാവികമായും സംഭവിക്കാൻ സാധ്യതയുണ്ട്. പ്രകൃതിയിൽ പലവിധത്തിലുള്ള ലോഹങ്ങൾ കാണുന്നു എന്നതാണ് ഇതിനു കാരണം. എന്നാൽ, ഇവയുടെ അളവ് വർദ്ധിക്കുന്നതിന് കാരണം ഖനനവും, വ്യാവസായിക മാലിന്യം പുഴയിലെത്തുന്നതും കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം/രാസകീടനാശിനി പ്രയോഗം, ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം, ഇലക്ട്രോ പ്ലേറ്റിംഗ് വ്യവസായ മാലിന്യം എന്നിവ പുഴയിലെത്തുന്നത്, തുടങ്ങിയവയാണ് ഇവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ നദിജലഗുണനിലവാരം വർദ്ധിപ്പിക്കാൻ സാധിക്കും. നദികൾ മാലിന്യമുക്തമായി മാറണമെങ്കിൽ നദീതടത്തിലാകെ വിവിധ ഇടപെടലുകൾ ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദികളിലേക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചിയാക്കിയിട്ടുണ്ട്. കൂടാതെ, ജലസേചനവകുപ്പിന്റെ വരട്ടാർ, കനാമ്പുഴയാർ, കുട്ടമ്പേരൂർ ആർ, കിള്ളിയാർ തുടങ്ങിയ ചെറുനദികൾ ജനപങ്കാളിത്തത്തോടെ ശുചിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ജലസേചന വകുപ്പ് ലഭ്യമാക്കിയിരുന്നു.<br>കേരളത്തിലെ എല്ലാ നദികളുടെയും ജലഗുണ നിലവാരപരിശോധന കോഴിക്കോട് ആസ്ഥാനമായുള്ള CWRDM എന്ന സ്ഥാപനം നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലഗുണനിലവാരം സംബന്ധിച്ച് വർഷം തോറും റിപ്പോർട്ട് പ്രദ്ധീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ